## പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4062    24.06.2019 -ലെ മറുപടിക്ക്**

## പട്ടികജാതി പട്ടികവർഗ്ഗക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആർ. രാജേഷ്** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം-I** ആയി ചേർത്തിരിക്കുന്നു. |
| (ബി) | ഈ സർക്കാർ അധികാരമേറ്റശേഷം, സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ കോർപ്പറേഷന്റെ പദ്ധതികൾ സംപൂർണ്ണമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പദ്ധതികൾ സമ്പൂർണ്ണമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>• നിലവിലുണ്ടായിരുന്ന പദ്ധതികളിൽ കൃഷിഭൂമി വായ്പാ പദ്ധതി, മൾട്ടി പർപ്പസ് യൂണിറ്റ് ലോൺ, വിവാഹ വായ്പാ പദ്ധതി, വാഹന വായ്പാ പദ്ധതി തുടങ്ങിയവയുടെ പദ്ധതി തുകയിൽ ഗുണഭോക്താക്കളുടെ ആവശ്യകത വിലയിരുത്തിക്കൊണ്ട് ഗണ്യമായ വർദ്ധനവ് വരുത്തിയിട്ടുണ്ട്.<br>• നവീന പദ്ധതികളായ സ്റ്റാർട്ട് അപ് സംരംഭകർക്കുള്ള വായ്പാ പദ്ധതി, പ്രവാസി പുനരധിവാസ വായ്പ, ഭവന വായ്പ, ഭവന പുനരുദ്ധാരണ വായ്പ, വനിതാ ശാക്തീകരണ പദ്ധതി (കുടുംബശ്രീ-ഗ്രൂപ്പ്) തുടങ്ങിയവ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | • ജാമ്യവ്യവസ്ഥകളിൽ ഇളവ് വരുത്തിയതും സ്വയംതൊഴിൽ വായ്പാ പദ്ധതികളിൽ അപേക്ഷകന്റെ പ്രായപരിധി 50 വയസ്സിൽ നിന്നും 55 വയസ്സാക്കി ഉയർത്തിയതും കൂടുതൽ ഗുണഭോക്താക്കൾക്ക് പദ്ധതികളുടെ പ്രയോജനം ലഭിക്കുന്നതിനിടയാക്കി.<br>• കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ആരംഭിച്ച 'ഒപ്പം' എന്ന പരിപാടി വഴിയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും പദ്ധതികളെക്കുറിച്ചുള്ള പ്രചരണം വർദ്ധിപ്പിച്ചു. |
| (സി) . | പട്ടികജാതി പട്ടികവർഗ്ഗവകുപ്പ് വിദ്യാഭ്യാസമേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (സി) | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ **അനുബന്ധം -II** ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം - I

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | പരമാവധി പദ്ധതിത്തുക (രൂപയിൽ) | പലിശ നിരക്ക് | തിരിച്ചടവ് കാലാവധി | കുടുംബ വാർഷിക വരുമാന പരിധി (രൂപയിൽ) |
|---|---|---|---|---|---|
| 1 | ബെനഫിഷ്യറി ഓറിയന്റഡ് പദ്ധതി | 3,00,000 | 6% | 5 വർഷം | 3,50,000 |
| 2 | പ്രൊഫഷണൽ സർവ്വീസ് പദ്ധതി | 5,00,000 | 7% | 5 വർഷം | 3,50,000 |
| 3 | വാഹന വായ്പാ പദ്ധതി | 10,00,000 | 5 ലക്ഷം രൂപ വരെ 6%<br>5 ലക്ഷം രൂപ മുതൽ 8% | 5 വർഷം | 3,50,000 |
| 4 | മൾട്ടി പർപ്പസ് യൂണിറ്റ് ലോൺ | 50,00,000 | 5 ലക്ഷം രൂപ വരെ 6%<br>5 ലക്ഷം രൂപ മുതൽ 8% | 5 വർഷം | 3,50,000 |
| 5 | വിദേശ തൊഴിൽ വായ്പാ പദ്ധതി | 50,000 | 6% | 3 വർഷം | 3,50,000 |
| 6 | വിദേശ തൊഴിൽ വായ്പാ പദ്ധതി (പുതിയത്)(പട്ടികജാതി വിഭാഗക്കാർക്ക് മാത്രം) | 2,00,000 | 6% | 3 വർഷം | 3,50,000 |
| 7 | പ്രവാസിപുനഃരധിവാസ വായ്പാ പദ്ധതി | 20,00,000 | 5 ലക്ഷം രൂപ വരെ 6%<br>5 ലക്ഷം രൂപ മുതൽ 8% | 5 വർഷം | 3,50,000 |
| 8 | സ്റ്റാർട്ട് അപ്പ് വായ്പാ പദ്ധതി | 50,00,000 വരെ | 6% | 5 -7 വർഷം വരെ | 3,50,000 |
| 9 | വിദ്യാഭ്യാസ വായ്പാ പദ്ധതി | 2,00,000 രൂപ മുതൽ 4,00,000 രൂപ വരെ | 6% | 5 വർഷം (പഠന ശേഷം) | 3,50,000 |
| 10 | വിദേശ വിദ്യാഭ്യാസ വായ്പാ പദ്ധതി (പട്ടികജാതി വിഭാഗ ക്കാർക്ക് മാത്രം) | 10,00,000 | 5 ലക്ഷം രൂപ വരെ 6%<br>5 ലക്ഷം രൂപ മുതൽ 8.5% | 5 വർഷം (പഠന ശേഷം) | 5,00,000 |
| 11 | പെട്രോളിയം ഡീലർമാർക്കുള്ള വായ്പ (പട്ടിക ജാതിക്കാർക്കു മാത്രം) | 7,50,000 | 4% | 8 വർഷം | 6,00,000 |
| 12 | വിവാഹ വായ്പാ പദ്ധതി (രക്ഷിതാവിന് 65 വയസ്സ് കവിയാൻ പാടില്ല) | 2,50,000 | 6% | 5 വർഷം | 3,00,000 |
| 13 | ഭവന വായ്പാ പദ്ധതി | 10,00,000 | 5 ലക്ഷം രൂപ വരെ 6%<br>5 ലക്ഷത്തിന് മുകളിൽ 7%<br>സർക്കാർ ജീവനക്കാർക്ക് 8% (പൊതുവായി) | 7 വർഷം<br>10 വർഷം<br>7-10 വർഷം വരെ | 6,00,000 |

| | | | | | |
|---|---|---|---|---|---|
| 14 | ഭവന പുനരുദ്ധാരണ വായ്പ | 5,00,000 | 6% സർക്കാർ ജീവനക്കാർക്ക് 7%) | 6 വർഷം | ഇല്ല |
| 15 | സർക്കാർ ജീവനക്കാർക്കുള്ള കാർ ലോൺ | 7,00,000 | 8% | 5 വർഷം | ഇല്ല |
| 16 | സർക്കാർ ഉദ്യോഗസ്ഥർക്കുള്ള വ്യക്തിഗത വായ്പ | 2,00,000 | 8% | 5 വർഷം | ഇല്ല |
| 17 | സർക്കാർ ഉദ്യോഗസ്ഥർക്കുള്ള ഇരുചക്ര വാഹന വായ്പാ പദ്ധതി | 1,00,000 | 8% | 5 വർഷം | ഇല്ല |

<u>എൻ.എസ്.എഫ്.ഡി.സി. പദ്ധതികൾ (പട്ടികജാതിക്കാർക്ക് മാത്രം)</u>

| | | | | | |
|---|---|---|---|---|---|
| 1 | കൃഷിഭൂമി വായ്പാ പദ്ധതി | 5,00,000 | 6% | 8 വർഷം | 1,50,000 |
| 2 | മൈക്രോ ക്രെഡിറ്റ് ഫിനാൻസ് പദ്ധതി | 50,000 | 5% | 3 വർഷം | 1,50,000 |
| 3 | മഹിളാ സമൃദ്ധി യോജന | 50,000 | 4% | 3 വർഷം | 1,50,000 |
| 4 | മഹിളാ കിസാൻ യോജന | 50,000 | 5% | 5 വർഷം | 1,50,000 |
| 5 | വിദ്യാഭ്യാസ വായ്പാ പദ്ധതി | 10,00,000 രൂപ വരെ | വിദ്യാർത്ഥികൾക്ക് 4% വിദ്യാർത്ഥിനികൾക്ക് 3.5% | 5 വർഷം (പഠന ശേഷം) | 1,50,000 |
| 6 | ലഘു വ്യവസായ യോജന | 2,00,000/- രൂപ മുതൽ 4,00,000/- രൂപ വരെ | 6% | 5 വർഷം | 1,50,000 |
| 7 | വനിതാ ശാക്തീകരണ പദ്ധതി (കുടുംബശ്രീ ഗ്രൂപ്പുകൾക്കുള്ള പദ്ധതി) | 3,00,000 | 5% | 3 വർഷം | 1,50,000 |

<u>എൻ.എസ്.ടി.എഫ്.ഡി.സി. പദ്ധതികൾ (പട്ടികവർഗ്ഗക്കാർക്ക് മാത്രം)</u>

| | | | | | |
|---|---|---|---|---|---|
| 1 | ആദിവാസി മഹിളാ സശാക്തീകരൺ യോജന | 50,000 | 4% | 5 വർഷം | 98,000-1,20,000 |
| 2 | പട്ടികവർഗ്ഗ സംരംഭകർക്കായുള്ള വായ്പാ പദ്ധതി | 2,00,000 ലക്ഷം രൂപ മുതൽ 3,00,000 ലക്ഷം രൂപ വരെ | 6% | 5 വർഷം | 98,000-1,20,000 |
| 3 | ഓട്ടോറിക്ഷാ വായ്പാ പദ്ധതി | 2,30,000 | 6% | 5 വർഷം | 98,000-1,20,000 |
| 4 | ആദിവാസി ശിക്ഷാറിൻ യോജന (വിദ്യാഭ്യാസ വായ്പ) | 5,00,000 | 6% | 5 വർഷം (പഠന ശേഷം) | 98,000-1,20,000 |

സെക്ഷൻ ഓഫീസർ

**പട്ടികജാതി വികസന വകുപ്പ്**

1. പ്രീമെട്രിക് തലത്തിൽ ലംപ്സം ഗ്രാന്റ്, പിന്നാക്ക വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പ്രതിമാസ സ്റ്റൈപന്റ്.
2. പോസ്റ്റ് മെട്രിക് വിദ്യാഭ്യാസത്തിന് ഫീസ്, ഹോസ്റ്റൽ ചെലവ്, സ്റ്റൈപന്റ്
3. 1 മുതൽ 8 വരെയുള്ളവർക്ക് 2000/- രൂപ വീതം പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്
4. തെരെഞ്ഞെടുക്കപ്പെട്ട റസിഡൻഷ്യൽ സ്കൂളുകളിൽ താമസിച്ച് പഠിക്കുന്നതിനുള്ള അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ്.
5. 9, 10 ക്ലാസ്സുകളിലെ പ്രീമെട്രിക് സ്കോളർഷിപ്പ് (കേന്ദ്ര പദ്ധതി)
6. പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്കുള്ള കേന്ദ്രസർക്കാർ സ്കോളർഷിപ്പ്,
7. പ്രൊഫഷണൽ കോഴ്സുകളടക്കം ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ.
8. ലാപ് ടോപ്പ് ധനസഹായം, മെഡിക്കൽ വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങൽ ധനസഹായം
9. പ്രരംഭ ചെലവുകൾക്കുള്ള ധനസഹായം (മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾ)
10. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ആനുകൂല്യം
11. അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്
12. മെഡിക്കൽ എഞ്ചിനീയറിംഗ് പരീക്ഷയിൽ റാങ്ക് നേടുന്നവർക്ക് ഗോൾഡ് മെഡൽ നൽകുന്ന പദ്ധതി
13. മെഡിക്കൽ /എഞ്ചിനീയറിംഗ് പ്രവേശന പരിശീലനത്തിന് ധനസഹായം
14. ഉന്നത വിജയം നേടുന്നവർക്ക് പ്രത്യേക പ്രോത്സാഹനസമ്മാനം
15. ബുക്ക് ബാങ്ക് സ്കീം
16. മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ/എം.ആർ.എസ്
17. പ്രീമെട്രിക് ഹോസ്റ്റൽ
18. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ
19. ഐ.റ്റി.ഐകൾ
20. പി.ഇ.റ്റി.സി
21. ക്രെസ്റ്റ് വഴി നൽകുന്ന മികവ് നേടുന്നതിന് വേണ്ടിയുള്ള പരിശീലനം

22. നഴ്സറി സ്കൂൾ

23. സിവിൽ സർവ്വീസ് പരിശീലനം

24. പാരലൽ കോളേജ് വിദ്യാഭ്യാസ ധനസഹായം

25. പാലക്കാട് മെഡിക്കൽ കോളേജ്

26. പഠനമുറി

27. വിദേശ പഠന സഹായം

28. ബി-ടെക് -റെമഡിയൽ കോച്ചിംഗ്

**പട്ടികവർഗ്ഗ വികസന വകുപ്പ്**

1. പ്രീമെട്രിക്/പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്
2. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് വേണ്ടി 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകളും 106 പ്രീമെട്രിക് ഹോസ്റ്റലുകളും 9 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും സ്ഥാപിച്ചിട്ടുണ്ട്.
3. ഗോത്രബന്ധു - പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് തടയുന്നതിനായി അംഗീകൃത സ്കൂളുകളിൽ മെന്റർ ടീച്ചർമാരുടെ നിയമനം.
4. ഗോത്രസാരഥി, സാമൂഹ്യ പഠനമുറി പദ്ധതികൾ
5. പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പൊതു പ്രവേശന പരീക്ഷാ പരിശീലനം
6. തെരഞ്ഞെടുത്ത 32 കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്
7. മോഡൽ റസിഡൻഷ്യൽ സ്കൂളുകളേയും ഹോസ്റ്റലുകളെയും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള വികസന പദ്ധതികൾ
8. നഴ്സറി സ്കൂളുകൾ, അംഗൻവാടികൾ,പെരിപ്പതറ്റിക് സ്കൂളുകൾ, വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ.
9. പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് വിനോദയാത്രയ്ക്കുള്ള ധനസഹായം.

**കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ**

പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതീ-യുവാക്കൾക്ക് കേരളത്തിലും മറ്റ് സംസ്ഥാനങ്ങളിലും എഞ്ചിനീയറിംഗ്, മെഡിസിൻ, അഗ്രിക്കൾച്ചർ, ഫാർമസി,മാനേജ്മെന്റ് നേഴ്സിംഗ് തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകളിൽ ചേർന്ന് ഉന്നത വിദ്യാഭ്യാസം നേടുന്നതിനായി വായ്പ നൽകുന്നുണ്ട്.

സെക്ഷൻ ഓഫീസർ